## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2683** **12/02/2019-ലെ മറുപടി**

### ഭൂതത്താൻകെട്ട് പദ്ധതി

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.ആന്റണി ജോൺ | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) എറണാകുളം ജില്ലയിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻകെട്ടിൽ ബാരേജിന് താഴെയുള്ള നദീതീരം കെട്ടി സംരക്ഷിക്കുകയും, നടപ്പാതകൾ നിർമ്മിച്ച് ഇവിടെയെത്തുന്നവർക്ക് പുഴയുടെ തീരഭംഗി ആസ്വദിക്കുന്നതിനും, പുഴയിലിറങ്ങി കുളിക്കുന്നതിനും വേണ്ട സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ഡ്രിപ്പ്(Dam Rehabilitation Improvement Programme) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽപെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ഉണ്ട് |
| ബി) എത്ര തുകയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളതെന്നും, പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) ടൂറിസ്റ്റുകൾ ഏറെയെത്തുന്നതും, പ്രദേശത്തിന്റെ വികസനത്തിന് വലിയ സാധ്യതകളുള്ളതുമായ പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) യും (സി) യും (ഡി)യും | ഒരു കോടി രൂപയുടെ പ്രൊപ്പോസൽ;<br>ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) ന്റെ കാലാവധി അവസാനിക്കുന്നത് 2020 ജൂൺ മാസത്തിലാണ്. അതിനുശേഷം മാത്രമേ രണ്ടാം ഘട്ട പദ്ധതികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.<br>ഡാം സേഫ്റ്റി റിവ്യൂ പാനൽ (DSRP) ന്റെ എസ്റ്റിമേറ്റ് പരിശോധനയും ശുപാർശയും കഴിഞ്ഞ ശേഷം രണ്ടാം ഘട്ട പദ്ധതികൾക്ക് കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. DSRP രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**